Grand Kerala Shopping Festival
Department of Tourism , Park View, Thiruvananthapuram – 33
Phone : 0471- 2560406, 2328790 Fax : 0471- 2322279 e-mail : gksf@keralatourism.org
www.grandkeralashoppingfestival.com

May 12, 2010

**പ്രസിദ്ധീകരണത്തിന്**
**എല്ലാ എഡിഷനിലേയ്ക്കും**

## ഗ്രാന്റ്കേരള ഷോപ്പിംഗ്ഫെസ്റ്റിവല്‍ – സീസണ്‍ 4
# ഉപദേശകസമിതി രൂപീകരിക്കും : മന്ത്രി കോടിയേരി

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ വിജയത്തിനായി സംസ്ഥാന തല ഉപദേശകസമിതി രൂപീകരിക്കുമെന്ന് ആഭ്യന്തര-ടൂറിസം വകുപ്പു മന്ത്രി കോടിയേരി ബാലകൃഷ്ണന്‍ പ്രസ്താവനയില്‍ പറഞ്ഞു. സംസ്ഥാനത്തെ വ്യാപാരി വ്യവസായി സംഘടനകളുടെയും, വിവിധ മാധ്യമങ്ങളുടെയും, പ്രമുഖ വ്യാപാരസ്ഥാപനങ്ങളുടെയും പ്രതിനിധികളാണ് ഉപദേശക സമിതിയില്‍ അംഗങ്ങളാവുക. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവല്‍ നാലാം സീസണിലേയ്ക്കെത്തുമ്പോള്‍ വ്യാപാരി സമൂഹത്തില്‍ നിന്നും പൊതുജനങ്ങളില്‍ നിന്നും ലഭിക്കുന്ന പിന്തുണ കണക്കിലെടുത്തുകൊണ്ടാണ് ഫെസ്റ്റിവലിന്റെ പരിപൂര്‍ണ്ണതയ്ക്കായി ഉപദേശക സമിതി രൂപീകരിക്കുന്നത്.

ഫെസ്റ്റിവലിന്റെ ജനപങ്കാളിത്തം വര്‍ദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള നവീന ആശയങ്ങളുടെ രൂപീകരിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ഉടപെടലുകള്‍ ഉപദേശകസമിതിയുടെ ഭാഗത്തു നിന്നുണ്ടാവും. ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ സന്ദേശം സംസ്ഥാനത്തിന് പുറത്തേയ്ക്ക് വ്യാപിപ്പിക്കാനും, ശബരിമലയടക്കമുള്ള തീര്‍ത്ഥാടന കേന്ദ്രങ്ങളിലേയ്ക്കെത്തുന്ന സഞ്ചാരികളെ ഫെസ്റ്റിവലില്‍ പങ്കാളികളാക്കാനും ഉതകുന്ന തരത്തിലുള്ള മാര്‍ക്കറ്റിംഗ് രീതികള്‍ ഉപദേശക സമിതിയുടെ നേതൃത്വത്തില്‍ ആവിഷ്ക്കരിക്കും.

ഫെസ്റ്റിവല്‍ സീസണില്‍ പ്രത്യേക ഇളവുകള്‍, പദ്ധതികള്‍ തുടങ്ങിയവ ഏര്‍പ്പെടുത്തിക്കൊണ്ട് കൂടുതല്‍ ബ്രാന്‍ഡുകളുടെ പങ്കാളിത്തിന് ഉപദേശകസമിതിയുടെ പ്രവര്‍ത്തനങ്ങള്‍ സഹായകരമാകും. ഷോപ്പിംഗ് ഫെസ്റ്റിവല്‍ സീസണ്‍ നാലില്‍ കൂടുതല്‍ പ്രാദേശിക സ്പോണ്‍സര്‍മാരെ കണ്ടെത്തുന്നതിനുവേണ്ടി ഉപദേശക സമിതി പ്രവര്‍ത്തനങ്ങള്‍ ക്രോഡീകരിക്കും.

സമ്മാന പദ്ധതികള്‍, അവയുടെ വിതരണം, നറുക്കെടുപ്പ് തുടങ്ങിയ ഫെസ്റ്റിവലിന്റെ സുപ്രധാന ഘട്ടങ്ങളില്‍ കൂടുതല്‍ നവീനമായ ആശയങ്ങള്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതില്‍ ഉപദേശക സമിതിയുടെ സഹായങ്ങളുണ്ടാവുമെന്നും മന്ത്രി പറഞ്ഞു.